# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 76 — 04.02.2013 ൽ മറുപടിയ്ക്ക്

## ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.പി.മുഹമ്മദ് | ഉമ്മൻ ചാണ്ടി |
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | (മുഖ്യമന്ത്രി) |
| ശ്രീ.വി.പി.സജീന്ദ്രൻ | |
| ശ്രീ.എം.എ.വാഹീദ് | |

(എ) സംസ്ഥാനത്ത് ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സ് നടത്തുകയുണ്ടായോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(എ) ദേശീയ ജൈവവൈവിധ്യ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 2012 ഡിസംബർ 21 മുതൽ 30 വരെ കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് പ്രഥമ ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സ് സംഘടിപ്പിക്കുകയുണ്ടായി.

ലോകത്തെ ജൈവവൈവിധ്യം സംരക്ഷിക്കപ്പെടുന്നതിനുള്ള ശക്തമായ സംവിധാനങ്ങൾ 2020 ഓടെ ലോകരാഷ്ട്രങ്ങളിൽ ഉണ്ടാകേണ്ടതുണ്ടെന്ന് "2011-2020 ഐക്യരാഷ്ട്രസഭാ സ്ട്രാറ്റജിക് പ്ലാൻ ഫോർ ബയോഡൈവേഴ്സിറ്റി " ആവശ്യപ്പെടുന്നു. ഇതു മുൻനിർത്തി ഭാരതത്തിൽ ഈ ദിശയിലുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുന്നതിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തുകയായിരുന്നു ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ മുഖ്യം. ഭക്ഷ്യസുരക്ഷ എന്ന മുഖ്യ വിഷയവും, പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യം, തീരദേശങ്ങളിലെയും സമുദ്രങ്ങളിലെയും ജൈവവൈവിധ്യം, കാർഷിക ജൈവവൈവിധ്യം, ജൈവകൃഷി, ജൈവസമ്പത്തിന്റെ നീതിപൂർവ്വകമായ ഉപയോഗം, പരമ്പരാഗത വിത്തിനങ്ങൾ, കന്നുകാലിയിനങ്ങൾ, പരമ്പരാഗത നാട്ടറിവുകൾ എന്നിവയുടെ സംരക്ഷണം തുടങ്ങിയ ഉപവിഷയങ്ങളും കോൺഗ്രസ്സിൽ ചർച്ച ചെയ്യപ്പെട്ടു. ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിലും പുതു തലമുറയിലും അവബോധം സൃഷ്ടിക്കുക എന്നതും ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സിന്റെ ലക്ഷ്യമായിരുന്നു. ഇതു മുൻനിർത്തി നാഷണൽ ബയോഡൈവേഴ്സിറ്റി എക്സ്പോ, കുട്ടികളുടെ പരിസ്ഥിതി കോൺഗ്രസ്സ്, ഹരിത

സംഗമം, എൻ.ജി.ഒ/ബി.എം.സി സംഗമം എന്നിവയും കോൺഗ്രസ്സിനോടനുബന്ധിച്ച് സംഘടിപ്പിക്കുകയുണ്ടായി. പരിസ്ഥിതി സംരക്ഷണ രംഗത്ത് പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞരുടെയും പരിസ്ഥിതി സംരക്ഷകരുടെയും ആശയവിനിമയത്തിനുള്ള വേദിയൊരുക്കുക എന്ന ലക്ഷ്യവും കോൺഗ്രസ്സിനുണ്ടായിരുന്നു.

(ബി) സംസ്ഥാനത്തെ ബാധിക്കുന്ന എന്തെല്ലാം വിഷയങ്ങളാണ് ഇതിൽ ചർച്ച ചെയ്യപ്പെട്ടത്;

(ബി) സംസ്ഥാനത്തെ ബാധിക്കുന്ന ഭക്ഷ്യ സുരക്ഷ, പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യം, തീരദേശങ്ങളിലെയും സമുദ്രങ്ങളിലെയും ജൈവവൈവിധ്യം, കാർഷിക ജൈവവൈവിധ്യം, ജൈവകൃഷി, ജൈവ സമ്പത്തിന്റെ നീതിപൂർവ്വകമായ ഉപയോഗം, പരമ്പരാഗത വിത്തിനങ്ങൾ, കന്നുകാലിയിനങ്ങൾ. പരമ്പരാഗത നാട്ടറിവുകൾ എന്നിവയുടെ സംരക്ഷണം തുടങ്ങിയ വിഷയങ്ങൾ കോൺഗ്രസ്സിൽ ചർച്ച ചെയ്യപ്പെട്ടു.

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർനടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ?

(സി) ദേശീയ ജൈവവൈവിധ്യ കോൺഗ്രസ്സ് 21 ശുപാർശകൾക്ക് രൂപം നൽകിയിട്ടുണ്ട്. ഒരു ദേശീയ ജൈവവൈവിധ്യ ശൃംഖല ( National Biodiversity Grid) വികസിപ്പിക്കുക, നാഷണൽ ഇന്നവേഷൻ കൗൺസിൽ ഓൺ ബയോഡൈവേഴ്സിറ്റിക്ക് രൂപം നൽകുക, നാഷണൽ ബയോഡൈവേഴ്സിറ്റി ഡാറ്റക്കും ഇൻഫർമേഷൻ പോളിസിക്കും രൂപം നൽകുക തുടങ്ങിയവയാണ് ശുപാർശകൾ. ഈ ശുപാർശകൾ നാഷണൽ ബയോഡൈവേഴ്സിറ്റി അതോറിറ്റി വഴി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ